(ഇ) വകുപ്പിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 22.50 കോടി.

(ജി) ഈ സാമ്പത്തിക വർഷാവസാനത്തോടെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് ഫയർ സ്റ്റേഷൻ

78(284) ശ്രീ സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കാസർഗോഡ് ഫയർ സ്റ്റേഷൻ എന്നാണ് നിലവിൽ വന്നതെന്നും എന്നും പ്രസ്തുത ഫയർ സ്റ്റേഷനിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊട്ടാരക്കര, ഇരിട്ടി, കൊടുവള്ളി, മാള, പുതുക്കാട്, കുറ്റിക്കോൽ എന്നിവിടങ്ങളിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചു കഴിഞ്ഞു. ഏലൂർ (എറണാകുളം), ടെക്നോപാർക്ക് (തിരുവനന്തപുരം), എന്നിവിടങ്ങളിൽ പുതുതായി രണ്ടു ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു.

(സി) 19-8-1964-ൽ നിലവിൽ വന്നു. തീപിടിത്തം മറ്റ് അപകടങ്ങൾ എന്നിവയിൽ നിന്നും പൊതുജനങ്ങളുടെ ജീവനും സ്വത്തും രക്ഷിക്കുക എന്ന പ്രധാന ദൗത്യം നിർവ്വഹിക്കുക എന്നതിനെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്.

ഫയർ ഫോഴ്സ് ആന്റ് റസ്ക്യൂ സർവ്വീസിന്റെ നവീകരണം

79 (285) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ഫോഴ്സ് ആന്റ് റസ്ക്യൂ സർവ്വീസിന്റെ നവീകരണത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഈ സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly